**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** | **11-06-2024 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ പുരോഗമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതിക പുരോഗതി നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി ജില്ലാ തലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുകയും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ് വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോടൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br><br>സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനായി ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ദ്ധരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടിക്കാഴ്ചയ്ക്കും സംശയദൂരീകരണ ത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരം സൗകര്യം ചെയ്തു |

| | | | |
|---|---|---|---|
| | | | കൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതെ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാനുള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലായാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാരമേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള സഹായം കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖാന്തരം നൽകി വരുന്നുണ്ട്. കൂടാതെ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങ ൾക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപര മായി പുരോഗമനം നേടുന്നതിനും വ്യവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്തു വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്ന തിനായി K-Bip (കെ-ബിപ്) മുഖേന വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും, ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കാനുള്ള അവസരം ഒരുക്കി കൊടുക്കുകയും ചെയ്യുന്നു. വ്യാപാർ 2024 – കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് - സംസ്ഥാനത്തെ ഉല്പാദകരെയും രാജ്യത്തുടനീളമുള്ള പ്രധാന ബിസിനസ്സ്കാരെയും കൂട്ടിയിണക്കുന്ന ഒരു ബൃഹത്തായ പരിപാടിയാണ് വ്യാപാർ. കേരളത്തിലെ ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണം, കൈത്തറി, തുണിത്തരങ്ങൾ, ഫർണിഷിംഗ് ഉല്പന്നങ്ങൾ, ആയുർവേദ കോസ്മെറ്റിക്സ്, ഹെർഹൽ ന്യൂട്രോസ്യൂട്ടിക്കൽസ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, റബ്ബർ, കയർ ഉല്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, മുള തുടങ്ങിയ പരമ്പരാഗത പ്രധാന മേഖലകളുടെ ഉല്പന്നങ്ങളും, സാങ്കേതിക വിദ്യകളും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് വ്യാപാർ സംഘടിപ്പിക്കുന്നത്. 2023- ലെ വ്യവസായ നയത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സ്റ്റാൾ വാടകയുടെ 100% റീയിമ്പേഴ്സ് ചെയ്യുന്ന പദ്ധതി തയ്യാറായി വരുന്നുണ്ട്. |
| (സി) | ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവി ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവ അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായു ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തര ഉല്പന്നങ്ങൾക്കായി ഒരു ജി ഐ മാർക്കറ്റിങ പോർട്ടൽ ആരംഭിച്ചിട്ടുണ്ട് (www.gkerala.in).<br><br>കേന്ദ്ര സർക്കാരിന്റെ (Directorate General o Supplies and Goods) ഇ-മാർക്കറ്റിം |

| | | | |
|---|---|---|---|
| | | | പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണ നടത്താവുന്ന താണ്. എ.എസ്.എം.ഇ സംരംഭകർക്ക് GeM PORTAL ൽ രജിസ്ട്രേഷ നടത്തുന്നതു വഴി ഉൽപ്പന്നങ്ങൾ വിപണന നടത്താൻ സാധിക്കും. GeM PORTAL- ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്ന തിനായ സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങ ൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണ ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്ക അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർശീ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ ഉൽപന്നങ്ങൾ ONDC പോർട്ടൽ മുഖേ ഓൺലൈൻ ആയി വിപണനം ചെയ്യുന്നതിനായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളെ ഓൺബോർഡ് ചെയ്യുന്ന നടപടിക സ്വീകരിച്ചുവരുന്നു . |
| (ഡി) | നിലവിൽ അടഞ്ഞു കിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദമാക്കാമോ? | (ഡി) | സംരംഭകവർഷം 2022-23-ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കി വേണ്ട സഹായങ്ങൾ നല്കുന്നതിനായി EDE (Enterprise Development Executive)-മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റ കളക്ഷൻ നടത്തുകയുംചെയ്തു. ഇതോടൊപ്പം എല്ലാ സംരംഭത്തിന്റെയും ജിയോടാഗ്ഗിങ്ങും നടപ്പിലാക്കി. ഈ പഠന പ്രക്രിയയിലൂടെ കേരളത്തിലെ സംരംഭങ്ങളിൽ, തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപോകുന്ന സംരംഭങ്ങൾ 15% മാത്രമാണെന്ന് മനസിലാക്കാൻ സാധിച്ചു. ടി യൂണിറ്റുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനു ഏതെങ്കിലും തരത്തിൽ സാധ്യതയുണ്ടോ എന്ന് ജില്ലാതലത്തിൽ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ നേതൃത്വത്തിൽ പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ